**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2531** **21/06/2012 -ൽ മറുപടിക്ക്**

## സ്കൂൾ ബസ്സുകളിലെ തിരക്ക്

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| (എ) കുട്ടികളെ സ്കൂൾ ബസ്സുകളിലും മറ്റ് വാഹനങ്ങളിലും യാതൊരു നിയന്ത്രണവുമില്ലാതെ കുത്തി നിറച്ച് സ്കൂളിൽ എത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ ബസ്സുകളിലും മറ്റ് വാഹനങ്ങളിലും കൂടുതൽ കുട്ടികളെ കയറ്റി സ്കൂളുകളിൽ എത്തിക്കുന്നതും അപകടത്തിൽപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാകുന്നു. ഇവ കർശനമായി പാലിച്ചുവരുന്നു. |
| (ബി) ഉണ്ടെങ്കിൽ ആയതുതടയാൻ എന്തൊക്കെ നടപടികളാണ് വിദ്യാഭ്യാസവകുപ്പ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) സുരക്ഷയെ കരുതി സ്കൂൾ അധികൃതർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (സി) അപകടവും ദുരന്തവും ക്ഷണിച്ചു വരുത്തുന്ന ഈ പ്രവണതകൾക്കെതിരെ എന്ത് നടപടികളാണ് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) അപകടവും ദുരന്തവും ഒഴിവാക്കുന്നതിനായി പോലീസ് വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഹൈവെ പട്രോൾ, മൊബൈൽ പട്രോൾ, പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ക്യാമറകൾ എന്നിവ മുഖാന്തിരവും കൂടാതെ പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള പട്രോളിംഗ് സംവിധാനവും പരമാവധി ഉപയോഗപ്പെടുത്തി സ്കൂൾ കുട്ടികളെ കയറ്റിയ വാഹനങ്ങൾ നിയമവിധേയമല്ലാതെ നിരത്തിലോടുന്നത് ഫലപ്രദമായി തടഞ്ഞുവരുന്നു. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് വഴിയും, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സ്ക്വാഡ് വഴിയുമുള്ള പരിശോധനകൾ കൂടുതൽ കർശനമാക്കുന്നതാണ്. പരിശീലനം ലഭിക്കാത്ത സ്കൂൾ ബസ്സുകളുടെ ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ ഗതാഗത വകുപ്പ് സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ